ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 10.06.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. ജമ്മു കശ്മീരിലെയും പഞ്ചാബിലെയും അതിർത്തി മേഖലയിൽ പാകിസ്ഥാൻ ഷെൽ ആക്രമണത്തിൽ കേടുപാടുകളുണ്ടായ വീടുകളുടെ പുനർനിർമ്മാണത്തിന് ധനസഹായം അനുവദിച്ച് കേന്ദ്രസർക്കാർ.

   **The Government will facilitate an additional provision of 25 crore rupees for 2,060 houses damaged in border areas of Jammu Kashmir and Punjab.**

2. പ്രതികൂല കാലാവസ്ഥയുടെ പശ്ചാത്തലത്തിൽ ആക്സിയം-4 വിക്ഷേപണം നാളത്തേക്ക് മാറ്റി ; സംഘത്തിൽ ഇന്ത്യക്കാരനായ ശുഭാൻശു ശുക്ല ഉൾപ്പടെ നാല് ബഹിരാകാശ യാത്രികർ.

   **The launch of Axiom-4 mission, that would carry India's astronaut Shubhanshu Shukla to space has been postponed by a day due to bad weather.**

3. പ്രത്യേക സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട നിയമങ്ങൾ പരിഷ്കരിച്ച് കേന്ദ്ര സർക്കാർ.

   **Central government has announced a series of policy relaxations for special economic zones (SEZs) aimed at boosting high-tech manufacturing, particularly in semiconductors and electronic components.**

4. വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കാൻ കാർഷിക മേഖലയുടെ ഉന്നമനം അനിവാര്യമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ.

**Union Minister Shivraj Singh Chouhan said that the development of the agricultural sector is essential to achieve the goal of a developed India.**

5. **കോഴിക്കോട് തീരത്തിന് സമീപം തീപിടിച്ച സിംഗപൂർ കപ്പലിലെ 18 തൊഴിലാളികളെ ഇന്ത്യൻ നാവിക സേന രക്ഷപ്പെടുത്തി ; കാണാതായ നാല് പേർക്കായി തിരച്ചിൽ ഊർജിതം ; കേരള തീരത്ത് ജാഗ്രത.**

**Indian Navy rescues 18 workers from Singapore ship that caught fire near Kozhikode coast. Search intensifies for four missing. Alert on Kerala coast.**

***************************

## HM-COMPENSATION

ഓപ്പറേഷൻ സിന്ദൂറിനെ തുടർന്ന് പാകിസ്ഥാൻ നടത്തിയ ഷെൽ ആക്രമണത്തിൽ ജമ്മു കശ്മീരിലെയും പഞ്ചാബിലെയും അതിർത്തി മേഖലയിൽ കേടുപാടുകളുണ്ടായ വീടുകളുടെ പുനർനിർമ്മാണത്തിനായി കേന്ദ്രസർക്കാർ വീണ്ടും സഹായം അനുവദിച്ചു. 2,060 വീടുകളുടെ പുനർനിർമ്മാണത്തിനായി 25 കോടി രൂപ കൂടിയാണ് അനുവദിച്ചത്. നാശനഷ്ടമുണ്ടായ വീടുകൾക്കുള്ള നഷ്ടപരിഹാരമായി കൂടുതൽ തുക അനുവദിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചിരുന്നു. പൂർണമായി തകർന്ന വീടുകൾക്ക് രണ്ട് ലക്ഷം രൂപയും ഭാഗികമായി തകർന്നവയ്ക്ക് ഒരു ലക്ഷം രൂപയും നൽകുമെന്ന് പ്രധാനമന്ത്രി അറിയിച്ചതായി ആഭ്യന്തര മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

***************************

## BIRLA - IIT

യുവ ശക്തിയിലൂടെയും സാങ്കേതിക വിദ്യകളിലൂടെയും സമകാലിക വെല്ലുവിളികളെ നേരിടുന്ന ആഗോള ശക്തിയായി ഇന്ത്യ മാറിയതായി ലോക്സഭാ സ്പീക്കർ ഓം ബിർള. സാമൂഹിക, സാമ്പത്തിക, സാങ്കേതിക മേഖലകളിലെ മുന്നേറ്റങ്ങളിൽ

യുവാക്കൾ വഹിക്കുന്ന പങ്കിനെ അദ്ദേഹം പ്രശംസിച്ചു. രാജ്യ പുരോഗതിയിൽ യുവാക്കൾക്ക് നിർണായക സ്ഥാനമുണ്ടെന്ന് പറഞ്ഞ ശ്രീ ബിർള വികസനത്തിനായി സാങ്കേതിക വിദ്യ കൂടുതൽ പ്രയോജനപ്പെടുത്തണമെന്നും ചൂണ്ടിക്കാട്ടി.

***************************

## AXIOM – 4.. (INTRO)

ഇന്ന് നടക്കാനിരുന്ന ആക്സിയം-4 വിക്ഷേപണം മോശം കാലാവസ്ഥ മൂലം ഒരു ദിവസത്തേക്ക് കൂടി നീട്ടിവച്ചു. നാളെ വൈകുന്നേരം 5.30-ന് വിക്ഷേപണം നടത്താനാണ് ലക്ഷ്യമിടുന്നതെന്ന് ഐഎസ്ആർഒ ചെയർമാൻ വി നാരായണൻ സമൂഹമാധ്യമ പോസ്റ്റിലൂടെ വ്യക്തമാക്കി. ഇന്ത്യക്കാരനായ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശയാത്രികരാണ് 14 ദിവസത്തെ ദൗത്യത്തിനായി പുറപ്പെടുന്നത്. ഇന്ത്യയ്ക്ക് പുറമെ യു.എസ്, പോളണ്ട്, ഹംഗറി എന്നിവിടങ്ങളിൽ നിന്നുള്ള നാല് ബഹിരാകാശ യാത്രികരും ദൗത്യത്തിലുണ്ട്. ദൗത്യത്തിന്റെ ഭാഗമാകാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ശുഭാൻശു ശുക്ല പറഞ്ഞു.

(ഹോൾഡ്) (വോയ്സ്)

***************************

## NIRMALA- GC MEETING

നാഷണൽ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ലിമിറ്റഡിന്റെ ആറാമത് ഭരണസമിതി യോഗത്തിൽ കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ അധ്യക്ഷത വഹിച്ചു. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ, ഭാവി ലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ച് യോഗം ചർച്ച ചെയ്തു. നിക്ഷേപകരുമായി ശക്തമായ പങ്കാളിത്തം സ്ഥാപിക്കാനുള്ള N.I.I.F ന്റെ ശ്രമങ്ങളെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു.

***************************

## CENTRE - SEZ

പ്രത്യേക സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട നിയമങ്ങൾ പരിഷ്കരിച് കേന്ദ്ര സർക്കാർ. സെമികണ്ടക്ടർ, ഇലക്ട്രോണിക്സ് ഘടകങ്ങൾ എന്നിവയുടെ നിർമ്മാണം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നിരവധി നയ ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഭേദഗതികൾ സെമികണ്ടക്ടർ നിർമ്മാണ ആവാസവ്യവസ്ഥയുടെ വളർച്ച പ്രോത്സാഹിപ്പിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നാണ് കരുതുന്നത്.

***************************

## SHIVRAJ SINGH (INTRO)

കാർഷിക മേഖലയിലെ വികസനത്തിലൂടെയല്ലാതെ ഇന്ത്യയ്ക്ക് വികസിത രാഷ്ട്രമാകാൻ സാധിക്കില്ലെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ. തെലങ്കാനയിൽ വികസിത് കൃഷി സങ്കൽപ് അഭിയാൻ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭക്ഷ്യസുരക്ഷ, കർഷക വരുമാനം വർദ്ധിപ്പിക്കൽ, ഭാവി തലമുറയ്ക്ക് മണ്ണിൻറെ സംരക്ഷണം എന്നിവയെക്കുറിച്ചും ശ്രീ ശിവരാജ് സിങ് പരാമർശിച്ചു.

**(ഹോൾഡ് വോയ്സ്.........)**

***************************

## CEC- SWEDEN

സ്വീഡനിലെ ഇന്ത്യൻ പ്രവാസികളുമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ആശയവിനിമയം നടത്തി. ഇന്ന് മുതൽ ഈ മാസം 12 വരെ നടക്കുന്ന ഇന്റർനാഷണൽ ഐഡിയ സ്റ്റോക്ക്ഹോം ഇലക്ടറൽ ഇന്റഗ്രിറ്റി കോൺഫറൻസിൽ പങ്കെടുക്കാനാണ് ശ്രീ ഗ്യാനേഷ് കുമാർ സ്വീഡനിലെത്തിയത്. പ്രവാസി ഇന്ത്യക്കാരും, ഇന്ത്യയിലെ വിദേശ പൗരന്മാരും തമ്മിലുള്ള

സമഗ്ര പങ്കാളിത്തത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെക്കുറിച്ച് അദ്ദേഹം ആശയങ്ങൾ പങ്കുവച്ചു.

****************************

## PM – 11 YEARS

കഴിഞ്ഞ 11 വർഷത്തിനിടെ പരിസ്ഥിതി സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ മികച്ച പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. പരിസ്ഥിതി സംരക്ഷണം മുൻനിർത്തിയുള്ള വികസന മാതൃകയാണ് രാജ്യത്ത് നടപ്പാക്കിയതെന്നാണ് റിപ്പോർട്ടുകൾ. സ്വച്ഛ് ഭാരത് , നവാമി ഗംഗ, ഏക് പേട് മാ കേ നാം, തുടങ്ങി നിരവധി പദ്ധതികളാണ് പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്.

****************************

## NAVY-RESCUE OPERATION

കോഴിക്കോട് തീരത്തിന് സമീപം തീപിടിച്ച സിംഗപൂർ കപ്പൽ വാൻഹായി-503 ലെ 22 തൊഴിലാളികളിൽ 18 പേരെ ഇന്ത്യൻ നാവിക സേന രക്ഷപ്പെടുത്തി. 5 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 2 പേരുടെ പരുക്ക് ഗുരുതരമാണ്. നാല് പേരെ കാണാതായിട്ടുണ്ട്. ഇവർക്കായി തിരച്ചിൽ പുരോഗമിക്കുകയാണ്. കണ്ടെയ്നറിൽ സ്ഫോടനവും തീപിടുത്തവും ഉണ്ടായതായി എംവി റിപ്പോർട്ട് ചെയ്തു. ഐഎൻഎസ് സൂരത്തും ഡോണിയർ എയർ ക്രാഫ്റ്റും സേവങ്ങൾക്കായി സജ്ജമാക്കിയിട്ടുണ്ട്. പരിക്കേറ്റ ജീവനക്കാർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. കൊളംബോയിൽ നിന്ന് മുബൈയിലേക്ക് പോകുകയായിരുന്ന സിംഗപ്പൂർ ചരക്ക് കപ്പലിനാണ് കോഴിക്കോട് തീരത്തിന് സമീപം തീപിടിച്ചത്. കോസ്റ്റ് ഗാർഡും, നാവികസേനയും രക്ഷാപ്രവർത്തനം തുടരുകയാണ്. കപ്പൽ അപകടത്തെ തുടർന്നുള്ള ആഘാതങ്ങളിൽ

ജാഗ്രത പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി വി.എൻ.വാസവൻ അറിയിച്ചു.

***************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***************************

## NILAMBOOR ELECTION

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറും പ്രചാരണ രംഗത്ത് സജീവമാണ്. നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. ഈ മാസം 19 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണൽ നടക്കും.

***************************

## TRAWLING BAN (INTRO)

സംസ്ഥാനത്ത് ട്രോളിങ് നിരോധനം നിലവിൽവന്നു. ട്രോളിങ് ബോട്ടുകൾ കടലിൽ പോകുന്നത് തടയുന്നതിനായി നീണ്ടകരപ്പാലത്തിന്റെ തൂണുകളിൽ ഫിഷറീസ് അധികൃതർ ചങ്ങല ബന്ധിച്ചു. ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസം നീളുന്ന ട്രോളിങ് നിരോധനത്തിനാണ് തുടക്കമായത്.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ......**

(വോയ്സ്)

***************************

## COVID

രാജ്യത്ത് കോവിഡ് കേസുകൾ വർധിക്കുന്നു. 6,491 പേർക്ക് നിലവിൽ കോവിഡ് സ്ഥിരീകരിച്ചു. 6,861 പേർ രോഗമുക്തരായി. ഏറ്റവും കൂടുതൽ പേർ ചികിത്സയിലുള്ള, കേരളത്തിൽ 1,957 പേരാണ് നിലവിൽ ചികിത്സയിലുള്ളതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു.

***************************

## AFC

എ എഫ് സി ഏഷ്യ കപ്പ് ഫുട്ബോൾ യോഗ്യത റൗണ്ടിൽ ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും. ഹോങ്കോങ്ങിലെ കൈ ടാക് സ്റ്റേഡിയത്തിൽ വൈകിട്ട് 5.30 നാണ് മത്സരം. ആദ്യ ജയം ലക്ഷ്യമിട്ടാണ് ഗ്രൂപ് സി-യിലെ നിർണ്ണായക മത്സരത്തിൽ ഇന്ത്യയും ഹോംഗ് കോങ്ങും ഇന്ന് പോരാട്ടത്തിനിറങ്ങുന്നത്.

***************************

## GOYAL-VISIT

കേന്ദ്രമന്ത്രി പീയൂഷ് ഗോയലിൻറെ സ്വിറ്റ്സർലൻഡ് സന്ദർശനത്തിന് ഇന്നലെ തുടക്കമായി. ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സ്വിറ്റ്സർലൻഡിലെ ആഗോള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുമായും വ്യവസായ നേതാക്കളുമായും അദ്ദേഹം ഇന്നലെ ചർച്ച നടത്തി. സ്വീഡനിൽ നടക്കുന്ന ഇന്തോ-സ്വീഡിഷ് സംയുക്ത കമ്മീഷന്റെ 21-ാമത് സെഷനിൽ ശ്രീ ഗോയൽ സഹ-അധ്യക്ഷത വഹിക്കും.

****************************

## KERALA RAIN

കേരളത്തിൽ വ്യാഴാഴ്ച മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. വിവിധ ജില്ലകളിൽ ഇന്നും നാളെയും ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മറ്റന്നാൾ മുതൽ മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്കേർപ്പെടുത്തി.

****************************

## IMD-WEATHER

കേരളത്തിന് പുറമേ കർണാടകയിലെ തീരദേശ മേഖല, ഉൾമേഖല, മാഹി, ഒഡീഷ, റായലസീമ, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങൾ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതേസമയം ഡൽഹി, ഹരിയാന, ജമ്മു കശ്മീർ, മധ്യപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, ഉത്തർപ്രദേശ് തുടങ്ങിയവടങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉഷ്ണതരംഗ സാധ്യതയും പ്രവചിച്ചിട്ടുണ്ട്.

****************************

## RUSSIA-INDIA-CHINA TROIKA

ഇന്ത്യ- ചൈന പ്രതിസന്ധി കുറഞ്ഞ സാഹചര്യത്തിൽ നിർത്തിവച്ചിരിക്കുന്ന റഷ്യ-ഇന്ത്യ-ചൈന ത്രികക്ഷി ചർച്ചകൾ പുനരാരംഭിക്കാമെന്ന് റഷ്യൻ വിദേശകാര്യമന്ത്രി സെർജി ലാവ്റോവ്. മോസ്കോയിൽ ഫോറം ഓഫ് ദി ഫ്യൂച്ചർ 2025 ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

******************************************************************